# VELLOR,
# MOUNT CARMEL
# ST. THOMAS CHURCH



**ഭാ**രതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ കെ. കെ. റോഡിൽ അണ്ണാടിവയൽ ജംഗ്ഷനിൽ നിന്നും അല്പം അകലെ വെള്ളൂർ കർമ്മേൽ മലയിൽ തല ഉയർത്തി നിൽക്കുന്ന ഒരു അനുഗൃഹീത ദേവാലയമാണ് സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളി. വെള്ളൂർ ഗ്രാമത്തിന്റെ തിലകക്കുറിയായി പരിലസിക്കുന്ന ഈ അനുഗൃഹീത ദേവാലയം സ്ഥാപിതമായിട്ട് ആറ് പതിറ്റാണ്ട് പൂർത്തിയാകുന്നു.

നിരന്തരമായ സുവിശേഷ യോഗങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട സമീപവാസികളായ വിശ്വാസികൾ ഒരു ദേവാലയ നിർമ്മാണത്തിന് തീരുമാനിച്ച് ബഹുമാന്യനായ കെ.റ്റി. സഖറിയാച്ചൻ കർമ്മേൽ മല എന്നു പേരു നൽകിയ സുവിശേഷവേദിതന്നെ പള്ളി പണിക്കായി തിരഞ്ഞെടുത്തു. പറപ്പള്ളിൽ ശ്രീ. വി. സി. ചാക്കോ മുതൽ പേർ – കൊല്ലവർഷം 1123 മകരം 12 ന് (എ.ഡി. 1948) തിരുവിതാംകൂർ സർക്കാരിൽ പള്ളി പണിയുന്നതിലേക്കുള്ള അപേക്ഷ സമർപ്പിച്ചു. നിരന്തരമായ പരിശ്രമ ഫലമായി കൊല്ലവർഷം 1123– മേടമാസം 7–ാം തീയതി തിരുവനന്തപുരം ഹാജൂർ കച്ചേരിയിൽ നിന്നും യാക്കോബായ സുറിയാനി പള്ളി നിർമ്മിക്കുന്നതിനുള്ള അനുവാദം ലഭിച്ചു. പള്ളിപണിക്കു മുൻകൈ എടുത്ത യുവജനപ്രസ്ഥാനം പ്രവർത്തകർ ഇടവക മെത്രാപ്പോലീത്തയെ കണ്ട് കാര്യങ്ങൾ ഗ്രഹിപ്പിച്ചതിന്റെ ഫലമായി സഭയുടെ അനുവാദ കൽപ്പനയും ലഭിച്ചതോടെ പള്ളിപണിക്ക് ഉത്സാഹം വർദ്ധിച്ചു. താമസംവിനാ ഒരു താൽക്കാലിക ദേവാലയം പണിതുയർത്തി വിശുദ്ധ തോമ്മാശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായി. വടക്കുവശത്തെ ത്രോണോസ് വിശുദ്ധ സ്തേഫാനോസ് സഹദായുടെയും തെക്കുവശത്തെ ത്രോണോസ് വി. ഇഗ്നാത്തിയോസ് നൂറോനോയുടെയും പേരിൽ പ്രതിഷ്ഠിച്ചു.

പ്രഥമ ദേവാലയം കൊല്ലവർഷം 1123– കർക്കടകം 3–ന് (എ.ഡി. 1948) നി.വ.ദി.ശ്രീ. മീഖായേൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കൂദാശ ചെയ്തു. തുടർന്ന് കർക്കടകം 5 ന് ഞായറാഴ്ച വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. അന്നേദിവസം അഭിവന്ദ്യ തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം പള്ളിഭരണസമിതി രൂപീകരിച്ചു. ട്രസ്റ്റി, കണക്കൻ എന്നിവരെ തെരഞ്ഞെടുത്തു. പ്രസ്തുത പൊതുയോഗം ശ്രീ. തോമസ് ചിറക്കപ്പറമ്പലിനെ ശുശ്രൂഷകനായി നിയമിക്കുവാൻ തീരുമാനിച്ചു.

ഈ പള്ളിയിലെ ആദ്യകാല പുരോഹിതന്മാർ പാമ്പാടി വട്ടമല ദിവ്യ ശ്രീ. ഏബ്രഹാം കശീശയും പുതുപ്പള്ളി മാലിയിൽ ദിവ്യ ശ്രീ. കുര്യാക്കോസ് കശീശയുമായിരുന്നു. ബഹുമാനപ്പെട്ട വൈദികരുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗങ്ങൾ പള്ളി ഭരണഘടനയ്ക്ക് രൂപം നൽകുകയും, വിശുദ്ധ സ്തേഫാനോസ് സഹദായുടെ ഓർമ്മപ്പെരുനാൾ വിളവെടുപ്പുകാലമായ മകരം 8–ന് പ്രധാന പെരുനാളായി ആചരിക്കുവാൻ നിശ്ചയിക്കുകയും ടി തീരുമാനങ്ങൾക്ക് ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരം വാങ്ങുകയും ചെയ്തതോടൊപ്പം എട്ടുനോമ്പാചരണവും ആരംഭിച്ചു.

**പുതിയ ദേവാലയം**

1958–ൽ കൂട്ടായ ചിന്തയുടെ ഫലമായി ദേവാലയം പുതുക്കി പണിയുവാൻ നിശ്ചയിച്ചു. അന്ത്യോഖ്യാ പ്രതിനിധി നി.വ.ദി.ശ്രീ. ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1957 ജൂലൈ 3–ന് അടിസ്ഥാന ശില സ്ഥാപിച്ചു. നിരന്തരമായ പരിശ്രമ ഫലമായി 1970 ൽ പണി പൂർത്തിയായ ദേവാലയം അതേവർഷം ജനുവരി 15–ന് കണ്ടനാട് ഭദ്രാസനത്തിന്റെ നി.വ.ദി.ശ്രീ. പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത (പിന്നീട് ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ) കൂദാശ ചെയ്തു. ദേവാലയ നിർമ്മാണത്തിന് ഇക്കാലഘട്ടത്തിൽ വികാരിമാരായിരുന്ന പറപ്പള്ളിൽ ദിവ്യശ്രീ. ഫിലിപ്പ് കശിശ (ഫിലിപ്പോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത) ദിവ്യശ്രീ. എം.വി. ഈപ്പൻ കശീശ പുറകുളത്ത്, ദിവ്യശ്രീ. ഏബ്രഹാം കശീശ തടത്തിൽ തുടങ്ങിയ വൈദികർ നൽകിയ നേതൃത്വം ശ്ലാഘനീയമത്രെ.

**സെമിത്തേരി ചാപ്പൽ**

പള്ളിയോട് അനുബന്ധിച്ച് ശവക്കോട്ട നിർമ്മിക്കുന്നതിനുള്ള അനുവാദം ലഭിക്കാതെ വന്നതിനാൽ പള്ളിയിൽ നിന്നും അൽപ്പം അകലെ ശ്രീ. പി.എ. പുന്നൻ പാലാമ്പടം ദാനമായി നല്കിയ സ്ഥലത്ത് വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു ചാപ്പൽ നിർമ്മിക്കുവാൻ നിശ്ചയിച്ചു. ശ്രീ. പി.എ. പുന്നന്റെ നേതൃത്വത്തിൽ രൂപംകൊണ്ട അഡ്വൈസറി ബോർഡ് ഊർജ്ജസ്വലമായി പ്രവർത്തിച്ചതിന്റെ ഫലമായി 1949 –ാമാണ്ട് മകരമാസം 9–ാം തീയതി അടിസ്ഥാന കല്ലിട്ട് പണി ആരംഭിച്ച ദേവാലയം പണി പൂർത്തീകരിച്ച് 1950 കന്നിമാസം 8 ന് ഞായറാഴ്ച അഭിവന്ദ്യനായ മീഖായേൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കൂദാശ ചെയ്തു പ്രഥമബലി അർപ്പിച്ചു. തുടർന്ന് 9–ാം തീയതി തിങ്കളാഴ്ച വിശുദ്ധ ദൈവമാതാവിന്റെ ജനനപെരുനാൾ ആചരിച്ചതോടെ ഈ ചാപ്പലിൽ 8 നോമ്പാചരണത്തിന് തുടക്കം കുറിച്ചു.

**സെന്റ് മേരീസ് ചാപ്പൽ പുനർനിർമ്മാണം**

ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ സാന്നിദ്ധ്യത്തിൽ അന്ത്യോഖ്യായിൽ നിന്നും മലങ്കരയിൽ എത്തിയ നി.വ.ദി.ശ്രീ. പീലക്സീനോസ് സലിമാ ഉസ്മാൻ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 14–2–2006–ൽ അണ്ണാടിവയൽ ജംഗ്ഷനിലെ കുരിശിൻ തൊട്ടിയിൽ വച്ച് ചാപ്പലിന്റെ അടിസ്ഥാനശില ആശിർവദിച്ചു. 2006 ഏപ്രിൽ 24 ന് വികാരി റവ.ഫാ. തോമസ് പതിയാക്കലിന്റെ സാന്നിദ്ധ്യത്തിൽ ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് ചാപ്പലിന്റെ അടിസ്ഥാന ശില സ്ഥാപിച്ച് ദേവാലയ നിർമ്മാണത്തിന് പ്രാരംഭം കുറിച്ചു. 2007 ആഗസ്റ്റ് 15 ന് താൽക്കാലിക കൂദാശ നിർവ്വഹിച്ച് വിശുദ്ധ കുർബ്ബാന അർപ്പിക്കണമെന്ന ആഗ്രഹത്തിൽ ഇടവകാംഗങ്ങൾ അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്നു. ദൈവം അതു സഫലമാക്കുമെന്ന് പ്രത്യാശിക്കുന്നു.

**കുരിശിൻതൊട്ടികൾ**

വെള്ളൂർ തിരുമേനിപ്പടിയിൽ ഡോ. കെ.കെ. ഏബ്രഹാം ഇഞ്ചക്കാട്ട് രാജ് ക്രിസ്റ്റിഭവൻ ദാനമായി നൽകിയ സ്ഥലത്ത് കെ.കെ. റോഡരികിൽ 1972 ജനുവരി 14–ന് പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ പണിപൂർത്തീകരിച്ച് കൂദാശ ചെയ്ത കുരിശിൻതൊട്ടി 1979–ൽ പുതുക്കിപ്പണിത് 3 നിലകളിലായി രൂപഭംഗിയോടെ നിർമ്മിച്ചു.

**അണ്ണാടിവയലിൽ –** പള്ളിക്കവലയിൽ പറപ്പള്ളിൽ ശ്രീ. പി.സി. ചാക്കോ ദാനമായി നൽകിയ സ്ഥലത്ത് 1989–ൽ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ നാമത്തിൽ ഒരു കുരിശിൻതൊട്ടി സ്ഥാപിച്ചു.

**തിരുശേഷിപ്പ് –** പള്ളിയുടെ വടക്കുവശത്തെ ത്രോണോസിനും മദ്ബഹായ്ക്കുമിടയിൽ ഭിത്തിയിൽ സൂക്ഷിച്ചിരിക്കുന്ന 40 സഹദേന്മാരുടെ തിരുശേഷിപ്പ് അഭിവന്ദ്യനായ ഫീലിപ്പോസ് മാർ ഈവാനിയോസ്

SyrianChurch.org

മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് വിശുദ്ധ നാട് സന്ദർശിച്ച് മടങ്ങിവരുമ്പോൾ ദേവാലയത്തിന് ലഭിച്ച അമൂല്യനിധിയാണ്.

**ഫിലിപ്പോസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത**

1948 തുലാമാസം 8–ാം തീയതി കൂടിയ പള്ളിപൊതുയോഗം പറപ്പള്ളിൽ ശ്രീ. ചെറിയാൻ ഫിലിപ്പോസിനെ ഇടവക പട്ടക്കാരനായി തിരഞ്ഞെടുത്തു. അഭിവന്ദ്യനായ മീഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും 1949 മകരം 8 ന് ശെമ്മാശപട്ടവും തുടർന്ന് അഭിവന്ദ്യനായ ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചതോടെ ബഹു. ഫിലിപ്പ് അച്ചൻ ഇടവക വികാരിയായി ചുമതലയേറ്റു. പൗരസ്ത്യ സുവിശേഷ സമാജംവക സ്കൂളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച ബഹു. ഫിലിപ്പ് അച്ചൻ 1976 –ൽ കുറിച്ചി സെന്റ് മേരീസ് പുത്തൻപള്ളിയിൽ വച്ച് റമ്പാൻ സ്ഥാനവും തുടർന്ന് 1979 ഏപ്രിൽ 10 ന് വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽ വച്ച് ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായിൽ നിന്നും മെത്രാപ്പോലീത്താ സ്ഥാനവും സ്വീകരിച്ചു. ഇടുക്കി, കണ്ടനാട് ഭദ്രാസനങ്ങളുടെ ചുമതല വഹിച്ചിരുന്ന അഭിവന്ദ്യ തിരുമേനി 1988 മേയ് 8–ന് കാലം ചെയ്തു. ഭൗതികശരീരം ശ്രേഷ്ഠ കാതോലിക്കാ ബാവായുടെയും സഹോദരമെത്രാപ്പോലീത്താമാരുടെയും കാർമ്മികത്വത്തിൽ പള്ളിയുടെ വടക്കു വശത്ത് പള്ളിയോട് ചേർന്ന മുറിയിൽ തയ്യാറാക്കിയ കബറിടത്തിൽ അടക്കം ചെയ്തു. എല്ലാ വർഷവും മേയ് 8–ന് ഈ ദേവാലയത്തിൽ അഭിവന്ദ്യ തിരുമേനിയുടെ ഓർമ്മ ആചരിച്ചുവരുന്നു.

**ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകൾ**

പള്ളിയുടെ പ്രാരംഭകാലം മുതൽ ഈ ഇടവകയിൽ സൺഡേസ്കൂൾ, വനിതാ സമാജം, യൂത്ത് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്നു. പള്ളിക്വയർ ആരാധനയിൽ ആത്മസമർപ്പണത്തോടെ പങ്കുകൊണ്ട് ആരാധന മനോഹരമാക്കുന്നു.

**ഇടവക വൈദികർ**

ഇടവകാംഗങ്ങളായ റവ.ഫാ. ജോർജ്ജ് ജേക്കബ് കോട്ടപ്പറമ്പിൽ കോട്ടയം, നിരണം ഭദ്രാസനങ്ങളിലും, റവ.ഫാ. കെ.പി. ഗീവർഗീസ് കോളശ്ശേരി, ഗുജറാത്ത് മേഖലയിലും സേവനം അനുഷ്ഠിക്കുന്നു. റവ. ഫാ. ജോർജ്ജ് ജേക്കബ് പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ നിറവിലാണ്.

**ഇടവക വികാരിമാർ**

അതതു കാലങ്ങളിൽ സേവനമനുഷ്ഠിച്ച വൈദികരുടെ നേതൃത്വവും കർമ്മധീരതയും ആത്മീയ ശുശ്രൂഷയും ഈ ഇടവകയെ പുരോഗതിയിലേക്ക് നയിച്ചു. ഇപ്പോൾ റവ.ഫാ. കുര്യാക്കോസ് കാലായിൽ വികാരിയായും റവ.ഫാ. തോമസ് വേങ്കടത്ത് സഹവികാരിയായും സേവനമനുഷ്ഠിക്കുന്നു. റവ. ഫാ. കുര്യാക്കോസ് കാലായിൽ ഇപ്പോൾ പൗരോഹിത്യ രജത ജൂബിലി നിറവിലാണ്. ആത്മീയ ശുശ്രൂഷയിലും ചാപ്പൽ നിർമ്മാണത്തിലും അതീവശ്രദ്ധ പുലർത്തുന്ന ബഹുമാന്യരായ വൈദികരുടെ നേതൃത്വം ഇടവകയെ പുരോഗതിയിലേക്ക് നയിക്കുന്നു എന്നത് ശ്ലാഘനീയമത്രെ.

**ഇടവക ശുശ്രൂഷകർ**

ഈ ഇടവകയിലെ പ്രധാന ശുശ്രൂഷകൻ അഴയിടത്ത് ശ്രീ. എ.പി. ഏബ്രഹാം ആണ്. വി. മദ്ബഹായിലെ ശുശ്രൂഷയിൽ 50 വർഷം പൂർത്തീകരിച്ച ശ്രീ. ഏബ്രഹാമിനെ ഇടവക ആദരിച്ചു. ഇടവകാംഗങ്ങളായ 12 പേർ മദ്ബഹായിൽ ശുശ്രൂഷകരായി നിസ്വാർത്ഥ സേവനമനുഷ്ഠിക്കുന്നു.

**പള്ളിമുറി – പാരിഷ്ഹാൾ**

പള്ളിയോടനുബന്ധിച്ച് മനോഹരമായി നിർമ്മിച്ച ഇരുനില കെട്ടിടം, പള്ളി ഓഫീസ്, അഭിവന്ദ്യരായ പിതാക്കന്മാർ, വൈദികർ എന്നിവർക്ക് താമസൗകര്യത്തോടു കൂടിയതാണ്. കൂടാതെ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ സ്മരണ നിലനിർത്തുന്ന മനോഹരമായ ഒരു പാരിഷ് ഹാളും പള്ളിയോടനുബന്ധിച്ച് നിർമ്മിച്ചിരിക്കുന്നു. ശവക്കോട്ട ചാപ്പലിനോട് ചേർന്നും ഒരു പള്ളിമുറി നിർമ്മിച്ചിട്ടുണ്ട്.

**ശ്ലൈഹിക സന്ദർശനം:**

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ നി.വ.ദി.മ.മ.ശ്രീ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ ഇവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവാ 1982–ൽ ഈ ദേവാലയം സന്ദർശിച്ചു.

SyrianChurch.org

210 കുടുംബംഗങ്ങൾ അംഗങ്ങളായ ഈ ഇടവക സഭയുടെ പ്രതിസന്ധിഘട്ടങ്ങളിൽ സഭാപാരമ്പര്യങ്ങളെ നിഷേധിച്ചവരുടെ പീഡകളെ അതിജീവിക്കേണ്ടി വന്നു. കഠിനാദ്ധ്വാനത്തിലൂടെ ഇത്രത്തോളം ഉയരാൻ സഹായിച്ച സർവ്വശക്തനായ ദൈവത്തോട് നിരന്തരം പ്രാർത്ഥിച്ച് മുന്നേറുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org